വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ജപ്തി നടപടികളുടെ കാര്യം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെൻറിൽനിന്നും എടുത്തിട്ടുള്ള ലോണിനെ സംബന്ധിച്ച് വരുംച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച വില്ലേജുകളിൽ ഡിസംബർ 31-ാം തീയതിവരെ എല്ലാ ജപ്തി നടപടികളും നിറുത്തിവച്ചിരിക്കുകയാണ്. മറ്റു ധനകാര്യ സ്ഥാപനങ്ങളോടും അതിനെക്കുറിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. വിള ഇൻഷ്വറൻസും ഗവൺമെൻറ് ഏർപ്പെടുത്തിയിരിക്കുന്നു. ജനാർദ്ദനൻനായർ റിപ്പോർട്ടിനെക്കുറിച്ച് കമ്മീഷൻ വന്നപ്പോഴും ഞാൻ പറഞ്ഞു. പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കണമെന്നില്ല. ഐ. ആർ. സി. സി. യുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്. അതിനുശേഷം വ്യാപകമായി നെൽക്കൃഷിക്കാരെ സഹായിക്കും. അതോടൊപ്പംതന്നെ 26 ശതമാനം നെല്ലുൽപ്പാദിപ്പിക്കുന്ന പാലക്കാട് ജില്ലയിലെ മേഖലയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : നിലവിലുള്ള ജലസേചനംതന്നെ അവിടെ കൃഷിക്കാരന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. അശാസ്ത്രീയമായ രീതിയിലാണ് എല്ലാ പ്രോജക്ടിനും അതാത് പ്രദേശങ്ങളിൽ ഒരു അഡ്വൈസറി കമ്മിറ്റിയുണ്ട്. ആ അഡ്വൈസറി കമ്മിറ്റി ആ പ്രോജക്ടിന്റെ ആയക്കെട്ട് ഏരിയയിലൊന്നും ഉൾപ്പെടാത്ത 100-200 കിലോ മീറ്റർ അകലെയുള്ള ആളുകളെ ഉൾപ്പെടുത്തിയാണ് ഇവർ സംഘടിപ്പിച്ചിട്ടുള്ളത്. ചിറ്റൂർപ്പുഴ പദ്ധതിയിൽ അട്ടപ്പാടിയിലെയും മണ്ണാർക്കാടിലെയും ആളുകളും, മലമ്പുഴ മണ്ഡലത്തിലെ തൃത്താലയിലെ ആളുകളും വരെ ഇതുകൊണ്ട് സഹായിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇത്തരം പ്രോജക്ട് അഡ്വൈസറി കമ്മിറ്റികളിൽ അതാത് ആയക്കെട്ട് ഏരിയായിൽപ്പെട്ട കൃഷിക്കാരുടെ പ്രതിനിധികളും പാർട്ടിയിലെ പ്രതിനിധികളും ആയിരുന്നാൽ വിരോധമില്ല. അവരെ വേർപെടുത്തി പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടി എടുക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : അതിനെക്കുറിച്ച് പരിശോധിക്കാം.

IV. സബ്മിഷൻ

(1) കുന്നംകുളം താലൂക്ക് രൂപീകരണം

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, കുന്നംകുളം പട്ടണവും പരിസരപ്രദേശങ്ങളിലെ 13 പഞ്ചായത്തുകളിലും പെടുന്ന ഉദ്ദേശം രണ്ടേകാൽ ലക്ഷം ജനങ്ങൾ വളരെക്കാലമായി ആവശ്യപ്പെടുന്ന ഒരു ആവശ്യത്തിന്റെ പേരിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്. ആ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള താലൂക്കുകളിൽ ഒന്നാണ് തലപ്പള്ളി താലൂക്ക്. അതിന്റെ പടിഞ്ഞാറെ അറ്റമായ കുന്നംകുളത്തും ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കൊക്കെ താലൂക്കാഫീസിൽ പോവുക എന്നത് ജില്ലാ ആസ്ഥാനത്തിലേക്ക് പോകുന്നതിനേക്കാൾ വളരെയേറെ ദുഷ്ക്കരമാണ്, ദൂരം കൂടിയതാണ്, ബുദ്ധിമുട്ടേറിയ

LIBRARY ARCHIVES Kerala Legislative Assembly

താണ്. അതുകൊണ്ടുതന്നെ ഒരുപക്ഷേ കേരളത്തിലെ ഏറ്റവുമധികം ജനസംഖ്യയുള്ള താലൂക്കുകളിൽ ഒന്നായിരിക്കും തലപ്പള്ളി താലൂക്ക് എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടുതന്നെ അവിടത്തെ ജനങ്ങളും കുന്നംകുളം മുനിസിപ്പാലിറ്റിയിലും പരിസരവുമുള്ള തൃശ്ശൂർ ജില്ലയിലെ 13 പഞ്ചായത്തുകളും ചേർന്ന് രണ്ടരലക്ഷത്തോളം വരുന്ന ജനസംഖ്യയുള്ള പ്രദേശങ്ങളെ ഒരു താലൂക്കിൽ വയ്ക്കണമെന്ന ആവശ്യം ഉന്നയിച്ചത്. ആ ആവശ്യം ഉന്നയിക്കാൻ തുടങ്ങിയിട്ട് വളരെയേറെ വർഷങ്ങളായി. പല ഗവൺമെന്റുകളും അനുകൂലമായി ഉറപ്പു നൽകിയതാണ്. റവന്യൂ ഉദ്യോഗസ്ഥൻമാരുടെ പരിശോധനയിൽ അങ്ങനെ ഒരു താലൂക്ക് ആവശ്യമാണെന്ന് സർക്കാരിന് റിപ്പോർട്ട് കിട്ടിയിട്ടുണ്ട് എന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. എന്നാൽ ഇപ്പോഴും താലൂക്കുകളും ജില്ലകളുമൊക്കെ രാഷ്ട്രീയ പരിഗണനമാത്രം എന്ന സ്ഥിതി വന്നതോടുകൂടി കുന്നംകുളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ആരെയും സന്തോഷിപ്പിക്കാൻ ഇല്ലാത്തതുകൊണ്ടാണ് എന്നു തോന്നുന്നു നമ്മുടെ ഭരണാധികാരികളും അനുകൂലമായി പ്രതികരിക്കുന്നില്ലായെന്നുള്ളത്. അത് വളരെ ദുഃഖകരമായ വസ്തുതയാണ്. ഇപ്പോഴും പല താലൂക്കുകളെയുംകുറിച്ച് പത്രത്തിൽ വായിക്കാൻ കഴിയുന്നുണ്ട്. ശ്രീ. തച്ചടി പ്രഭാകരനും കായംകുളം താലൂക്കുണ്ട്. ശ്രീ. രമേശ് ചെന്നിത്തലയ്ക്കും താലൂക്കുണ്ട്. കുന്നംകുളത്തുകാർക്ക് തോന്നുന്നു, ഇതുപോലെ ഒരു ആളില്ലാത്തതുകൊണ്ടാണ് അവർക്ക് ഒരു താലൂക്ക് കിട്ടാത്തതെന്ന്. അതുകൊണ്ടാണ് ഞാൻ ഇത് പ്രത്യേകമായി ഉന്നയിക്കുന്നത്. അതുകൊണ്ട്, രാഷ്ട്രീയ പരിഗണനമാത്രം എന്ന സ്ഥിതി മാറി, പ്രത്യേകമായി അതിന്റെ നോംസിന്റെ അടിസ്ഥാനത്തിൽ ഭരണസൗകര്യത്തിനുവേണ്ടി ഇത്രയേറെ വിസ്തൃതിയുള്ള, ഇത്രയധികം ജനസംഖ്യയുള്ള ആ പ്രത്യേക പ്രദേശത്തിനെ ഒരു താലൂക്കായിട്ട് പരിഗണിക്കണമെന്ന കാര്യത്തിൽ, ജനങ്ങളുടെ വികാരം ഹർത്താൽ വഴി പ്രകടിപ്പിക്കുന്ന ഈ കാര്യത്തിന് ഗവൺമെന്റ് അനുകൂലമായ നിലപാട് എടുത്തു പ്രഖ്യാപിക്കുമെന്ന പ്രതീക്ഷയോടുകൂടി ഉടൻതന്നെ കുന്നംകുളം താലൂക്ക് അനുവദിക്കണമെന്ന ആവശ്യം ഞാൻ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പല ഗവൺമെന്റുകളും മാറിമാറി വന്നിട്ടും അടുത്ത കാലത്ത് താലൂക്കുകളും വന്നിട്ടില്ല എന്ന് മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. അതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. താലൂക്കുകളും ഇനി പുനഃസംഘടിപ്പിക്കുന്ന സമയത്ത് കുന്നംകുളത്തിന്റെ കാര്യം പരിഗണിക്കുന്നതാണ്.

(2) കൂർഗിലെ മലയാളികൾക്കു നേരെയുള്ള ആക്രമണം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എല്ലാ മലയാളികളെയും എല്ലാ മനുഷ്യസ്നേഹികളെയും അമ്പരപ്പിക്കുന്നവിധം കഴിഞ്ഞ ഏതാനും മാസങ്ങളായി കർണ്ണാടക സംസ്ഥാനത്തിലെ കൂർഗിൽ മലയാളികൾക്ക് നേരെ നടന്നുവരുന്ന നരനായാട്ടിലേക്കും മലയാളികൾ നിവസിക്കുന്ന കേന്ദ്രങ്ങളിൽ നിലനിൽക്കുന്ന സംഭീതിജനകമായ സാഹചര്യത്തിലേക്കും ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുക എന്നതാണ് എന്റെ ഉദ്ദേശം. 'ഗൂർഖാലാൻറ്' എന്ന ആശയത്തിനു രൂപം കൊടുത്തുകൊണ്ടുവരുന്നതിനുവേണ്ടി 5 വർഷം നീണ്ടുനിൽക്കുന്ന ഒരു പ്രക്ഷോഭണത്തിലാണത്രേ അവിടത്തെ കലാപകാരികൾ തുടക്കം കുറിച്ചിരിക്കുന്നത്. അതിന്റെ ഫലമായി മലയാളികളെ തെരുവിലിട്ട് പേപ്പട്ടികളെപ്പോലെ തല്ലുകയാണ്. മോട്ടോർ സൈക്കിളിൽ ഗുണ്ടകൾ റോന്തുചുറ്റുന്നു. മലയാളികളെ വളഞ്ഞുപിടിച്ച് തല്ലുന്നു. ബസ്സിൽ കയറി മുണ്ടുടുത്തിരിക്കുന്നവരെ പിടിച്ചിറക്കി ബലമായിട്ട് അവരെ മർദ്ദിച്ച് ഒതുക്കാൻ ശ്രമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly